കേരള സർക്കാർ

# ഞാറക്കൽ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി.3)1923/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in
തീയതി :15.12.2016

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഞാറക്കൽ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : ഞാറക്കൽ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഞാറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയ്ക്കും ഭാഗം 3ലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.ഇകെഎം(പി.3)1923/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ :doekm.ksad@kerala.gov.in
തീയതി :15.12.2016

എറണാകുളം ജില്ലയിലെ ഞാറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഞാറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 14.10.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ലഭ്യമായ മറുപടികൾ പരിഗണിച്ചശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറി പ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകര ണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഡി.സുരേഷ് രാജു ,<br>ഡെപ്യൂട്ടിഡയറക്ടർ(ഹ.ഗ്രേ.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.10.2016 മുതൽ 22.10.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ഡി. ജിനിൽ റോയ് , ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.പുഷ്പ ആർ , സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.കവിത എസ്. കണ്ണൻ , സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ജോസ് ഫിജോയ് വി.ജെ. , ഓഡിറ്റർ. |

ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീ.ജൂഡ് പുളിക്കൽ | 01.04.2015 മുതൽ 31.10.2015 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015 മുതൽ 18.11.2015 വരെ. |
| | ശ്രീമതി.ഷിൽഡ റിബെരോ | 19.11.2015മുതൽ 31.03.2016 വരെ |
| വൈസ് പ്രസിഡണ്ട് | ശ്രീമതി.ഷീബ ജോസഫ് | 01.04.2015മുതൽ 31.10.2015വരെ |
| | 2 അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015 മുതൽ 18.11.2015 വരെ. |
| | ശ്രീ.എ.പി. ലാലു | 19.11.2015മുതൽ 31.03.2016 വരെ |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺ/ചെയർമാൻ വികസനകാര്യം | ശ്രീ.പി.പി ഗാന്ധി | 01.04.2015മുതൽ 31.10.2015വരെ |
| | 3 അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015 മുതൽ 18.11.2015 വരെ. |
| | ശ്രീമതി.കൊച്ചുറാണി ജേക്കബ് | 19.11.2015മുതൽ 31.03.2016 വരെ |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ - ആരോഗ്യം , വിദ്യാഭ്യാസം | ശ്രീ.പി.വി.എസ് ദാസൻ | 01.04.2015മുതൽ 31.10.2015 വരെ |
| | 4 അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015 മുതൽ 18.11.2015 വരെ. |
| | ശ്രീ.മണി സുരേന്ദ്രൻ | 19.11.2015മുതൽ 31.03.2016 വരെ |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ - ക്ഷേമകാര്യം | ഡെയ്സ് ജെയിംസ് | 01.04.2015മുതൽ 31.10.2015 വരെ |
| | 5 അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015 മുതൽ 18.11.2015 വരെ. |
| | ശ്രീ.സജു മേനച്ചേരി | 19.11.2015മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ.കെ.എസ് ശശീന്ദ്രൻ | 01.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.എം.ആർ സാജൻ | 01.04.2015 മുതൽ 31.03.2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.നീതു ഗോപാൽ | 01.04.2015 മുതൽ 31.03.2016 വരെ |
| ഹെഡ്മിസ്ട്രസ് , ഗവ.ഫിഷറീസ് യു.പി.എസ് | ശ്രീമതി.ആശാലത | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജ്ജൻ | ശ്രീമതി.ധന്യ പുരുഷോത്തമൻ | 01.04.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ജിജി ജോസഫ് | 01.04.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | റോസി | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ചന്ദന ശേഖർ എൻ | 01.04.2015 മുതൽ 21.05.2015 വരെ |
| | വിമല | 22.05.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ - ഹോമിയോ | രേണുക | 07.04.2015 മുതൽ 30.04.2015 വരെ |
| | അജിത | 30.04.2015 മുതൽ<br>23.08.2015 വരെ daily<br>wages<br>24.08.2015 മുതൽ<br>31.03.2016 വരെ. |
| മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | അന ദാസ് | Not an Implementing Officer. |
| ഫിഷറീസ് സബ്-ഇൻസ്പെക്ടർ | ലീന ഡേവിസ് | 01.04.2015 മുതൽ 18.06.2015 വരെ |
| | സുമിത ഇ.ബി | 19.06.2015മുതൽ 31.03.2016 വരെ |
| വി.ഇ.ഒ | രമാദേവി | 01.04.2015 മുതൽ 31.03.2016 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | രതീഷ് ബാബു സി.എസ് | 01.04.2015 മുതൽ 31.03.2016 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം | 1-10 | |
| | ഭാഗം - 2 | | |

| | | | |
|---|---|---|---|
| 11 | ഹോം സ്റ്റേ ആയി പ്രവർത്തിക്കുന്ന കെട്ടിടം വാസഗൃഹമായി കണക്കാക്കി വസ്തുനികുതി ഈടാക്കുന്നു | 2-1 | |
| | ഭാഗം - 3 | | |
| 12 | പട്ടികവിഭാഗക്കാർക്ക് സൗരറാന്തൽ - അർഹതയില്ലാത്തവർക്ക് ആനുകൂല്യം നൽകി- തുക നിരാകരിക്കുന്നു | 3-1 | |
| 13 | പഠനയാത്ര - ചെലവുതുക തടസ്സപ്പെടുത്തുന്നു. | 3-2 | |
| 14 | ചെലവു രേഖകൾ ഹാജരാക്കിയില്ല- തുക തടസപ്പെടുത്തുന്നു. | 3-3 | |
| 15 | വിനിയോഗ സാക്ഷ്യപത്രമില്ല. ചെലവ് തടസ്സപ്പെടുത്തുന്നു. | 3-4 | |
| 16 | വിതരണ രേഖ , കൈപ്പറ്റ് രസീതുകൾ എന്നിവയുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു | 3-5 | |
| 17 | അങ്കണവാടി കെട്ടിടങ്ങളുടെ പ്രവർത്തനം -സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നില്ല. | 3-6 | |
| | ഭാഗം 4 | | |
| 18 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 19 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 20 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-3 | |
| 21 | വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം. | 4-4 | |
| | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 22 | ഓഡിറ്റ് റിക്കവറി | 4-6 | |
| 23 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 24 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 25 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 26 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28.03.2015-ലെ തീരുമാനം നമ്പർ ഒന്ന് പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവു-ചെലവുകളുടെയും യഥാർത്ഥ വരവു-ചെലവുകളുടെയും വിവരങ്ങൾ താഴെ

ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 118920461 | 120164396 |
| വാർഷിക കണക്കുകൾ പ്രകാരം | 34336888 | 53816337 |
| വ്യത്യാസം | 84583573 | 66348059 |

ബജറ്റ് പ്രകാരമുള്ള വരവു-ചെലവുകളും യഥാർത്ഥ വരവു-ചെലവുകളും തമ്മിൽ അന്തരമുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ യാഥാർത്ഥ്യവുമായി ബന്ധപ്പെടുത്തി തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 28.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച വിവരം

ധനകാര്യപത്രിക പരിശോധിച്ചു. അപാകതകളില്ല. ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 30514511 |
| വരവ് | 34336888 |
| ആകെ | 64851399 |
| ചെലവ് | 53816337 |
| നീക്കിബാക്കി | 11035062 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ ചെലവ് തുക | നീക്കി ബാക്കി (RP 40b പ്രകാരം) |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2408091 | 8567376 | 10975467 | 8330278 | 2645189 | 10975467 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 4255092 | 4148639 | 8403731 | 5848352 | 2555373 | 8403731 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 500952 | 14990 | 515942 | 218230 | 297712 | 515942 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 571653 | 2419983 | 2991636 | 2991636 | - | 2991636 | 0 |
| സംരക്ഷണ ഗ്രാന്റ് | 1112384 | 1093348 | 2205732 | 2205732 | - | 2205732 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| (റോഡിതരം) | | | | | | | |
| KLGSDP | 2922285 | 1561740 | 4484025 | 1684237 | 2799788 | 4484025 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 2722497 | 6333292 | 9055789 | 6141292 | 2914497 | 9055789 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 152 | 120 | 0 | 32 | 78.95 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 14 | 13 | 47,30,000 | 40,50,220 | 85.60 |
| അസിസ്റ്റന്റ് സെക്രട്ടറി | 14 | 13 | 65,55,000 | 25,13,240 | 38.34 |
| ഹെഡ്മിസ്ട്രസ് | 3 | 3 | 4,15,000 | 2,63,593 | 63.50 |
| വി.ഇ.ഒ | 8 | 7 | 42,07,000 | 18,21,400 | 43.29 |
| കൃഷി ഓഫീസർ | 4 | 4 | 9,68,085 | 8,60,629 | 88.90 |
| വെറ്ററിനറി സർജ്ജൻ | 4 | 4 | 4,03,320 | 4,03,300 | 99.90 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 4 | 4 | 9,10,000 | 8,70,495 | 95.65 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 3 | 25,12,100 | 19,38,999 | 77.18 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 88,117 | 53017 | 60.16 |
| മെഡിക്കൽ ഓഫീസർ ഹോമിയോ ഡിസ്പെൻസറി | 1 | 1 | 2,00,000 | 1,85,969 | 92.98 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 1 | 5,00,000 | 5,00,000 | 100% |
| ഫിഷറീസ് ഇൻസ്പെക്ടർ | 2 | 2 | 5,00,000 | 3,65,000 | 73.11 |

# 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1953067 | 4228329 | 2275262 | + 116 |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 402760 | 2447654 | 2044894 | + 507 |
| മറ്റ് വരവുകൾ | 530865 | 248900 | -281965 | -53 |
| ആകെ | 2886692 | 6924883 | 4038191 | + 21.97% |

തനതു വരുമാനം സംബന്ധിച്ച് തയ്യാറാക്കിയ സ്കോർ കാർഡ് അനുബന്ധം 2-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാന മെടുത്തവ | നിരസിച്ചവ | കാലതാമസ മുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 07 | 05 | 02 | - |
| 2 | തൊഴിൽ രഹിത വേതനം | 14 | 11 | 03 | - |
| 3 | വിധവാ പെൻഷൻ | 106 | 102 | 04 | - |
| 4 | വികലാംഗ പെൻഷൻ | 33 | 27 | 06 | - |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 09 | 09 | 0 | - |
| 6 | വാർദ്ധക്യകാല പെൻഷൻ | 707 | 692 | 15 | - |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.10.2016 ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. 7448/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 2016 ഒക്ടോബർ 4 മുതൽ 5 വരെ | 09/2016 | ലഭിച്ചിട്ടില്ല | - |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 18.01.2016 മുതൽ 01.02.2016 വരെ | 2010-11 മുതൽ 2014-15 വരെ | 11.03.2016 | ഇല്ല |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഹോം സ്റ്റേ ആയി പ്രവർത്തിക്കുന്ന കെട്ടിടം വാസഗൃഹമായി കണക്കാക്കി വസ്തുനികുതി ഈടാക്കുന്നു

പഴയ 8-ാം വാർഡിലെ 468 ാം നമ്പർ കെട്ടിടത്തിൽ ടൂറിസ്റ്റുകളെ താമസിപ്പിക്കുന്നതിനുള്ള ഹോംസ്റ്റേ നടത്തുന്നതിന് ലൈസൻസ് ലഭിക്കുന്നതിനായി ശ്രീ.തോമസ് s/o ഉർമീസ് 25.05.2015 ന് പഞ്ചായത്തിൽ അപേക്ഷ നൽകിയിട്ടുണ്ട് (ക്രമ നം.176, ലൈസൻസ് രജിസ്റ്റർ 2015-16). ലൈസൻസ് ഫീസ് ആയി 1000/- രൂ 23.05.2015 ലെ 11501100757നമ്പർ രസീത് പ്രകാരം ഈടാക്കി 19.06.2015 ന് മേൽ സ്ഥാപനത്തിന് സെക്രട്ടറി ലൈസൻസ് നൽകിയിട്ടുണ്ട്. 2014-15 ലും 125/2014-15 നമ്പർ പ്രകാരം ഈ സ്ഥാപനത്തിന് ലൈസൻസ് നൽകിയിട്ടുണ്ട്. 5 മുറികളുള്ള ഈ ഹോം സ്റ്റേ കെട്ടിടം, വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ വാസഗൃഹമായി രേഖപ്പെടുത്തി വാർഷിക വസ്തുനികുതിയായി 80/-രൂപയാണ് നിലവിൽ ഈടാക്കുന്നത്. ഈ കെട്ടിടത്തിന്റെ വസ്തുനികുതി വാണിജ്യ കെട്ടിടങ്ങളുടെ വിഭാഗത്തിൽ ഉൾപ്പെടുത്തി നിർണ്ണയിച്ച് ലൈസൻസ് ആദ്യമായി അനുവദിച്ച കാലം മുതൽ പ്രാബല്യത്തിൽ കെട്ടിട ഉടമസ്ഥനിൽ നിന്നോ, സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ, കെട്ടിട വിസ്തീർണ്ണം രേഖപ്പെടുത്താത്തതിനാൽ നഷ്ടം നിർണ്ണയിക്കാൻ സാധിച്ചിട്ടില്ല.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പട്ടികവിഭാഗക്കാർക്ക് സൗരറാന്തൽ - അർഹതയില്ലാത്തവർക്ക് ആനുകൂല്യം നൽകി-ചെലവ് നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | SOO 40/16 |
| പ്രോജക്ടിന്റെ പേര് | പട്ടിക വിഭാഗക്കാർക്ക് സൗര റാന്തൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ഫണ്ട് | എസ്.റ്റി.പി |
| അടങ്കൽ | 26,000/- |
| ചെലവ് | 18,240/-<br>ബിൽ നമ്പർ 13/15-16 , 20.08.15 |

ഞാറക്കൽ ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടതും ഊരുകൂട്ടം വഴി തെരഞ്ഞെടുത്തതുമായ 26 ഗുണഭോക്താക്കൾക്ക് സൗരറാന്തൽ നൽകുകയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. പദ്ധതി പ്രകാരം 2270/- രൂപ നിരക്കിലുള്ള സൗരറാന്തൽ 750/- രൂപ സബ്സിഡിയോടു കൂടി 12 ഗുണഭോക്താക്കൾക്ക് 1520/- രൂപയ്ക്ക് നൽകിയ വകയിൽ ആകെ 18240/- രൂപ (1520 x 12) 2015-16 വർഷം ചെലവഴിച്ചു. ഇവരിൽ വി.പി. തമ്പി,ടി.കെ ശിവാനന്ദൻ എന്നീ രണ്ട് ഗുണഭോക്താക്കൾക്ക് സബ്സിഡി മാർഗ്ഗരേഖ പ്രകാരം നിഷ്കർഷിച്ചിരിക്കുന്ന വരുമാന പരിധിയായ 50,000/- രൂപ കവിഞ്ഞിട്ടും പദ്ധതി ആനുകൂല്യം നൽകിയിട്ടുണ്ട്.(റേഷൻ കാർഡിലെ പ്രതിമാസ വരുമാനം- തമ്പി - 10,950/- ശിവാനന്ദൻ- 15,366/-). മാർഗരേഖക്ക് വിരുദ്ധമായി ഗുണഭോക്താക്കൾക്ക് നല്കിയ 1500/-രൂപ (750*2) ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 പഠനയാത്ര - ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം | 53/16 |
| പ്രോജക്ടിന്റെ പേര് | അതുല്യം സമ്പൂർണ്ണ നാലാം തരം വിദ്യാഭ്യാസ പദ്ധതി |
| നിർവഹണോദ്യോഗസ്ഥ | എച്ച്.എം (ഗവ.ഫിഷറീസ് യു.പി.എസ്) |
| അടങ്കൽ | 100000/- |
| ഫണ്ട് | വികസനഫണ്ട്(പൊതുവിഭാഗം) |
| ചെലവ് | 90418/- രൂപ ( ബിൽ.നം - 1/15-16 , 29.9.15 ) |
| | 5000/-രൂപ ( ബിൽ.നം - 4/15-16 , 16.3.16 ) |

സബ് സിഡി മാർഗരേഖ പ്രകാരം (സ.ഉ (എം.എസ് ) 362/13 , 16.11.13 ) കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റിയുടെ കീഴിൽ സാക്ഷരത പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി വിവിധ ക്ളാസുകളിലെ പരീക്ഷ എഴുതുന്നവർക്ക് പുസ്തകവിലയും പരീക്ഷാഫീസും തദ്ദേശസ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്. എന്നാൽ പഠനയാത്ര നടത്താമെന്ന് മാർഗരേഖയിൽ പരാമർശിച്ചിട്ടില്ല. 13.6.15 ൽ നടത്തിയ പഠനയാത്രക്ക് വേണ്ടി 25035/- രൂപ { 14000/-രൂപ വാഹനത്തിനും 11035/-രൂപ (300+9075+1660) അനുബന്ധ ചെലവുകൾക്കുമായി } (ബിൽ.നം - 1/15-16പ്രകാരം 90418/-രൂപയിൽ നിന്നും) ചെലവഴിച്ചിട്ടുണ്ട്. 15 നും 50 നും മദ്ധ്യേ പ്രായമുള്ളവർക്ക് പ്രഥമിക വിദ്യാഭ്യാസം ലഭ്യമാക്കുക എന്നതാണ് പ്രോജക്ടിന്റെ അടിസ്ഥാനലക്ഷ്യമെന്നിരിക്കെ ഇപ്രകാരമൊരു പഠനയാത്രയ്ക്കുള്ള ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മേലിനത്തിൽ ചെലവഴിച്ച 25,035/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 ചെലവു രേഖകൾ ഹാജരാക്കിയില്ല- ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | എസ്.സി നഴ്സറി സ്കൂൾ നടത്തിപ്പ് |
| പദ്ധതി നം. | 12/16 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി അടങ്കൽ | ₹ 1,00,000/- (എസ്.സി.പി ഫണ്ട്) |
| ആകെ പദ്ധതി ചെലവ് | ₹43,235/- |
| ചെലവിന്റെ വിശദാംശങ്ങൾ | (ബിൽ നം. 1/15-16 തീയതി 27.6.15 -₹ 3945)<br>(ബിൽ നം. 7/15-16തീയതി 7.8.15-₹ 1842)<br>(ബിൽ നം. 12/15-16തീയതി 19.9.15-₹ 4683)<br>(ബിൽ നം. 13/15-16തീയതി 20.10.15-₹ 2300)<br>(ബിൽ നം. 19/15-16തീയതി 28.12.15-₹11025)<br>(ബിൽ നം. 23/15-16തീയതി 30.12.15-₹5522)<br>(ബിൽ നം. 24/15-16തീയതി 25.2.16-₹6307)<br>(ബിൽ നം. 31/15-16തീയതി 19.3.16-₹7611) |

എസ് സി നഴ്സറി സ്കൂൾ നടത്തിപ്പിനായി 2015-16 ആകെ 43,235/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ബിൽ നം. 7/15-16 പ്രകാരം ചെലവഴിച്ച 1842/-രൂപയുടേയും ബിൽ നം. 23/15-16പ്രകാരം ചെലവഴിച്ച 5522/-രൂപയുടേയും ചെലവു രേഖകൾ (1842+5522=7364 രൂപ)ഓഡിറ്റ് എൻക്വയറി ( നം-3/18.10.16) മുഖാന്തിരം ആവശ്യപ്പെട്ടിട്ടും ഹാജരാക്കാത്തതിനാൽ 7364/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-4 വിനിയോഗ സാക്ഷ്യപത്രമില്ല- ചെലവ് തടസ്സപ്പെടുത്തുന്നു

2015-16 വർഷം സെക്രട്ടറി നിർവ്വഹണം ചെയ്ത താഴെപ്പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടിട്ടും(നം-6/19.10.16) ഹാജരാക്കാത്തതിനാൽ ചെലവുതുകയായ 12,74,800/-രൂപ (74800+700000+500000)തടസ്സപ്പെടുത്തുന്നു.

| ക്രമനം. | പ്രോജക്ട് നം , പേര് | ഫണ്ട്, അടങ്കൽ | നിർവ്വഹണ ഏജൻസി | ചെലവു വിവരം |
|---|---|---|---|---|
| 1 | 9/16<br>1,3,6,9,10,12 എന്നീ അങ്കണവാടികൾക്കുള്ള പൈപ്പ് കണക്ഷൻ | മെയിന്റനൻസ് ഫണ്ട് റോഡിതരം 1,00,000/- | എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാട്ടർ അതോറിറ്റി | ആകെ - 74,800/- |
| | | | | 62800/- (bill.no-18/15-16, 17.12.15) |
| | | | | DD.No.- 768127/30.12.15 |
| | | | | 12000/-(Bill.No- 20/15-16, 28.12.15) |

| | | | | |
|---|---|---|---|---|
| | | | | DD.No.-768070/29.12.15 |
| 2 | 2/16 ഐ.എ.വൈ വിഹിതം (ജനറൽ) | വികസന ഫണ്ട് 7,00,000/- | സെക്രട്ടറി വൈപ്പിൻ ബ്ളോക്ക് പഞ്ചായത്ത് | 7,00,000/- (Bill.No-3/15-16 27.7.15) |
| | | | | DD.No.-941807/5.8.15 |
| 3 | 11/16 ഐ.എ.വൈ വിഹിതം (എസ്.സി) | എസ്.സി.പി ഫണ്ട് 5,00,000/- | സെക്രട്ടറി വൈപ്പിൻ ബ്ളോക്ക് പഞ്ചായത്ത് | 5,00,00/- (Bill.No-6/15-16 27.7.15) |
| | | | | DD.NO-941808/5.8.15 |

## 3-5 വിതരണ രേഖ , കൈപ്പറ്റ് രസീതുകൾ എന്നിവയുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം | SO.32/2016 |
| പ്രോജക്ടിന്റെ പേര് | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സഹായ ഉപകരണങ്ങൾ |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ |
| ചെലവ് വിവരം | 100000/- രൂപ (വികസന ഫണ്ട് , ജനറൽ ) |
| ബിൽ നമ്പർ , തീയതി | നം.26 തീ.24/03/2016 |

ഈ പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് KERALA STATE HANDICAPPED PERSONS WELFARE CORPORATION LTD. TVPM. എന്ന സ്ഥാപനത്തിൽ നിന്നും ഡി.ഡി. നം. 393392 തീ.24/03/2016 പ്രകാരം 100000/- രൂപയുടെ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ, ഗുണഭോക്താക്കളുടെ ലിസ്റ്റ്, വിതരണ രേഖകൾ, കൈപ്പറ്റ് രസീതുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല, ഇക്കാരണത്താൽ ചെലവുതുകയായ 1,00,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-6 അങ്കണവാടി കെട്ടിടങ്ങളുടെ പ്രവർത്തനം -സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നില്ല.

ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിൽ ആകെ 23 അങ്കണവാടികളാണുള്ളത്. ഇതിൽ 12എണ്ണം സ്വന്തം കെട്ടിടങ്ങളിലും 8 എണ്ണം വാടക കെട്ടിടങ്ങളിലും 3എണ്ണം സ്കൂളിലും പ്രവർത്തിക്കുന്നു. സ്വന്തമായി കെട്ടിടമുള്ള 106 ാം നമ്പർ അങ്കണവാടിക്ക് ടോയ് ലറ്റ് സൗകര്യവും 123നമ്പർ അങ്കണവാടിക്ക്ചുറ്റുമതിലും ഇല്ല. 109ാം നമ്പർ അങ്കണവാടി ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെയാണ് പ്രവർത്തിക്കുന്നത്. സർക്കുലർ നം 31055/ ഡി,ഡി.2/2011/തസ്വഭവ

22.03.2011 പ്രകാരം കുടിവെള്ളം, ടോയ് ലറ്റ് സൗകര്യം, ചുറ്റുമതിൽ എന്നിവ അങ്കണവാടികൾക്ക് നിർബന്ധമായും ഉണ്ടായിരിക്കണം. എന്നാൽ ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിൽ 8 അങ്കണവാടികൾക്ക് കുടിവെള്ള സൗകര്യമില്ല. ആയതിനാൽ അങ്കണവാടികളുടെ സുരക്ഷിതത്വവും അടിസ്ഥാനസൗകര്യങ്ങളും ഉറപ്പാക്കാനുള്ള സത്വര നടപടി കൈക്കൊള്ളേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 34336888 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 53816337 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1407199 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 1500 | അസിസ്റ്റന്റ് , സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 25035 | ഹെഡ്മിസ്ട്രസ് |
| 3-3 | 7364 | സെക്രട്ടറി |
| 3-4 | 1274800 | സെക്രട്ടറി |
| 3-5 | 100000 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എം.ആർ സാജൻ , അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി , ഞാറക്കൽ ഗ്രാമപഞ്ചായത്ത് | മന്നായത്ത് ഹൗസ്, കെടാമംഗലം , വടക്കൻ പറവൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ഇ.പി.3-273/02/2.7.99 |
| 1998-99 | എൽ.എഫ്.ഇ.പി.3-1352/2000/21.5.2001 |
| 1999-2000 | എൽ.എഫ്.ഇ.പി.3-1382/04/14.3.2004 |
| 2000-01 | എൽ.എഫ്.ഇ.പി.3-942/04/17.9.04 |
| 2001-02 | എൽ.എഫ്.ഇ.പി.3-942/04/17.9.04 |

| | |
|---|---|
| 2000-01 ചെലവ് | എൽ.എഫ്.ഇ.പി.3-311/05/4.11.2005/4.1.06 |
| 2001-02 ചെലവ് | എൽ.എഫ്.ഇ.പി.3-312/05/4.11.05/4.1.06 |
| 2002-03 | എൽ.എഫ്.ഇ.പി.3-652/06/24.11.06/15.9.07 |
| 2003-04 | എൽ.എഫ്.ഇ.പി.3-653/06/24.11.06/ 15.9.07 |
| 2004-05 | എൽ.എഫ്.ഇ.പി.3-1396/07/24.11.06 /15.9.07 |
| 2005-06 | എൽ.എഫ്.ഇ.പി.3-1397/07/24.11.06 /15.9.07 |
| 2006-07 | എൽ.എഫ്.ഇ.പി.3-1398 /07/9.3.2010/9.6.10 |
| 2007-08 | എൽ.എഫ്.ഇ.പി.3-1743/08/16.7.09/5.10.09 |
| 2008-09 | എൽ.എഫ്.ഇ.പി.3-1670/11/10.4.12 /1.8.12 |
| 2009-10 | എൽ.എഫ്.ഇ.പി.3-1671(എ)/11/7.4.12/1.8.12 |
| 2010-11 | എൽ.എഫ്.ഇ.പി.3-21/12/10.2.12 /6.3.12 |
| 2011-12 | എൽ.എഫ്.ഇ.പി.3-250/14/11.3.14/9.4.2014 |
| 2012-13 | എൽ.എഫ്.ഇ.(പി.3/177/2015 തീയതി 16.02.2015 |
| 2013-14 | എൽ.എഫ്.ഇ.(പി.3/177/2015 തീയതി 16.02.2015 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം(പി3)1132/2016 തീയതി 04.07.2016 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇകെഎം(പി.3)1923/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030

ഫോൺ : 0484 – 2422271
ഇ-മെയിൽ : lfadekm@gmail.com
തീയതി :15.12.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215, ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ഞാറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഞാറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

# APPENDIX – I

# AUDIT CERTIFICATE

No.K.S.A.-EKM(P3)1923/2016

Kerala State Audit Department
District Audit Office, Ernakulam,
Civil Station, Kakkanad -682030
Phone : 0484 2422271,
E-mail : lfadekm@gmail.com
Dated: 15.12.2016

Certified that I have audited the Annual Financial Statement of Njarakkal Grama Panchayath in Ernakulam district for the year ended on 31.3.2016 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Njarakkal Grama Panchayath for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director(H.G.)